A

512

# അർദ്ധവാർഷിക മൂല്യനിർണയം 2017–18

## മലയാളം

ക്ലാസ്സ് - 5

അടിസ്ഥാന പാഠാവലി

സമയം: 2 മണിക്കൂർ

**നിർദേശങ്ങൾ**

1. *മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.*
2. *നൽകിയിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.*

### പ്രവർത്തനം : 1 ജീവചരിത്രക്കുറിപ്പ്

കലാമണ്ഡലം കൃഷ്ണൻ നായർ മഹാനായ കഥകളിനടനാണ്. അദ്ദേഹത്തിന്റെ ആത്മകഥയാണ് 'എന്റെ ജീവിതം, അരങ്ങിലും അണിയറയിലും.' അതിലെ ഒരു ഭാഗം നിങ്ങൾ 'ഗുരുപ്രസാദം' എന്നപേരിൽ പഠിച്ചിട്ടുണ്ടല്ലോ. കലാമണ്ഡലം കൃഷ്ണൻനായരുടെ ജീവചരിത്രക്കുറിപ്പു തയാറാക്കാം.

| | | |
|---|---|---|
| ജനനം | - | 1914 മാർച്ച് 27 |
| മരണം | - | 1990 ആഗസ്ത് 15 |
| മാതാപിതാക്കൾ | - | നാരായണൻ നായർ |
| | - | മാധവിയമ്മ |
| പുരസ്കാരങ്ങൾ | - | പത്മശ്രീ, നാട്യരത്ന, ഫെല്ലോഷിപ്പുകൾ |
| കൃതികൾ | - | നളചരിതം, ആട്ടപ്രകാരം, കോട്ടയം കഥകൾ, എന്റെ ജീവിതം അരങ്ങിലും അണിയറയിലും |

തന്നിട്ടുള്ള സൂചനകളെ അടിസ്ഥാനമാക്കി നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ കൂടി ചേർത്ത് ജീവചരിത്രക്കുറിപ്പു തയാറാക്കുക.

### പ്രവർത്തനം 2- കഥ പൂർത്തിയാക്കൽ

ഒരു കഥയുടെ അവസാന ഭാഗമാണ് ചുവടെ നൽകിയിരിക്കുന്നത്. കഥവായിച്ച് ആദ്യഭാഗം കൂട്ടിച്ചേർക്കാമോ?

തലക്കെട്ട് നൽകാൻ മറക്കരുത്.

അവൻ അമ്മയെ ദൂരെ നിന്നു തന്നെ കണ്ടു. ഓടി അമ്മയുടെ അടുത്തെത്തി. അമ്മയുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. അമ്മ അവനെ ചേർത്തുപിടിച്ചു. അവന്റെ നെറുകയിൽ കണ്ണീർചൂട്! അവൻ മുഖമുയർത്തിനോക്കി. തെളിഞ്ഞു പ്രകാശിക്കുന്ന പൂർണചന്ദ്രനെപ്പോലെ അമ്മയുടെ മുഖം!

## പ്രവർത്തനം 3 : ഉപന്യാസം തയാറാക്കുക




ശ്രീനാരായണഗുരുവിനെ പരിചയപ്പെടുത്തുന്ന “കണ്ടാലറിയാത്തത്” എന്ന പാഠഭാഗം ഓർമ യിലുണ്ടല്ലോ. നിങ്ങൾ മനസിലാക്കിയ കാര്യങ്ങളും മുകളിൽ നൽകിയിരിക്കുന്ന ആശയങ്ങളും ചേർത്ത് ഒരു ഉപന്യാസം തയാറാക്കുക.

## പ്രവർത്തനം 4- ആസ്വാദനക്കുറിപ്പ് തയാറാക്കുക

നമ്മുടെ മാതൃഭാഷയാണ് മലയാളം. മലയാളഭാഷയുടെ മാധുര്യം നിറയുന്ന ഒരു കവിത യാണ് താഴെ ചേർത്തിരിക്കുന്നത്.

*അമ്മ പറഞ്ഞതും അച്ഛൻ പകർന്നതും*
*അപ്പം ചുടുന്ന മലയാളം*
*ഉമ്മ തരുന്നതും ഉപ്പചൊരിഞ്ഞതും*
*ഉപ്പുതൊടുന്ന മലയാളം*
*മുത്തശ്ശി ചൊന്നതും മുത്തശ്ശൻ കേട്ടതും*
*മുറ്റത്തുതിർന്ന മലയാളം*
*ചൂട്ടുതെളിച്ചതും പാട്ട് പഠിച്ചതും*
*നാട്ടിലെ നല്ല മലയാളം*
*കൂട്ടുകിടന്നതും കൂടെ കരഞ്ഞതും*
*വീട്ടിലെ നന്മ മലയാളം*
*പേരു വിളിച്ചതും പേടിയൊഴിച്ചതും*
*നേരു പറഞ്ഞ മലയാളം*

**രമേശ് കാവിൽ**

കവിത ശ്രദ്ധാപൂർവം വായിച്ച് ഒരാസ്വാദനക്കുറിപ്പു തയാറാക്കുക.

**പ്രവർത്തനം - 5 പ്രസംഗം**

ലളിതമായ ജീവിതം നയിച്ച ആളാണ് മഹാത്മാഗാന്ധി. അദ്ദേഹത്തിന്റെ വസ്ത്രധാരണവും ലളിതമായിരുന്നു. ഒരിക്കൽ ഗാന്ധിജിയുടെ വേഷം കണ്ട് കൗതുകം പൂണ്ട ഒരു കുട്ടി ചോദിച്ചു.

*അങ്ങ് ഉടുപ്പ് ധരിക്കാതിരിക്കാൻ കാരണമെന്താണ്?*
*എനിക്ക് ഉടുപ്പുകളില്ലാത്തതു കൊണ്ടാണ് കുട്ടീ.*
*അങ്ങേക്ക് ധരിക്കാൻ ഞാൻ ഉടുപ്പ് തരാം ബാപ്പുജി.*
*കുട്ടി സന്തോഷത്തോടെ പറഞ്ഞു.*
*ഒരു ഉടുപ്പ് പോര കുട്ടീ. 40 കോടി ഉടുപ്പുകൾ തന്നാലേ ഞാൻ ഒരെണ്ണം ധരിക്കുകയുള്ളൂ.*

ഗാന്ധിജിയെക്കുറിച്ച് മറ്റെന്തെല്ലാം കാര്യങ്ങൾ നിങ്ങൾക്കറിയാം? അവ കൂട്ടിച്ചേർത്ത് മഹാത്മാ ഗാന്ധിയെക്കുറിച്ച് ഒരു പ്രസംഗം തയാറാക്കുക.

**പ്രവർത്തനം -6 കുറിപ്പ് തയാറാക്കുക**

| |
|---|
| സംഗീതം, നൃത്തം, അഭിനയം തുടങ്ങിയവ ചേർന്നതാണ് കാക്കാരിശ്ശിനാടകം |

| |
|---|
| കഥകളും ഉപകഥകളുമായി കാക്കാരിശ്ശി നാടകത്തിന് നാല് മണിക്കൂറോളം ദൈർഘ്യമുണ്ടാകും |

| |
|---|
| സദസ്യരുടെ ഇടയിൽ നിന്ന് കത്തുന്ന പന്തവുമായി കലാകാരൻമാർ അരങ്ങിൽ പ്രവേശിക്കുന്നു |

| |
|---|
| മധ്യതിരുവിതാംകൂറിന്റെ തെക്കോട്ടുള്ള പ്രദേശങ്ങളിലാണ് കാക്കാരിശ്ശി നാടകം അവതരിപ്പിച്ചു വരുന്നത് |

| |
|---|
| ഇലത്താളം, ഗഞ്ചിറ, കൈമണി, ഉടുക്ക് എന്നിവ ഉപയോഗിക്കുന്നു. |

കാക്കാരിശ്ശി നാടകവുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങളാണ് മുകളിൽ കാണുന്നത്. അവയുടെ അടിസ്ഥാനത്തിൽ ഒരു കുറിപ്പു തയാറാക്കൂ.